**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിനോസഞ്ചാര വ്യവസായം- പ്രോത്സാഹനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. രാജ,<br>ശ്രീ. എച്ച്. സലാം | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സവിശേഷ സംസ്കാരവും പരിസ്ഥിതിയും കാലാവസ്ഥയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കിക്കൊണ്ട് അവയ്ക്ക് ആഘാതം ഏല്പിക്കാതെ വിനോസഞ്ചാര വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക തനിമയും ഗ്രാമീണ സൗന്ദര്യവും വിനോദ സഞ്ചാരികൾക്ക് ആസ്വദിക്കാൻ അവസരമൊരുക്കുന്നതോടൊപ്പം പാരിസ്ഥിതിക സംരക്ഷണവും ഉറപ്പ് വരുത്തുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് ഇവയെല്ലാം ഇതിനു ഉദാഹരണങ്ങളാണ്. |
| (ബി) | വിനോദസഞ്ചാരത്തിന്റെ സദ്ഫലം എല്ലാവരിലേക്കും എന്ന ലക്ഷ്യത്തോടെ രൂപം നൽകിയിട്ടുള്ള സ്ട്രീറ്റ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (ബി) | UNWTO-യുടെ 'ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റ്കളിലൂടെ റീബ്രാൻഡ് ചെയ്യുകയും പുതിയ കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റ്കളായി തിരിച്ചുകൊണ്ട്, വളർത്തിക്കൊണ്ടു വരികയും ചെയ്യുക എന്നുള്ളതാണ് സ്ട്രീറ്റ് പദ്ധതിയുടെ ലക്ഷ്യം. ടൂറിസം കേന്ദ്രങ്ങളിലെ തിരക്ക് വളരെകുറച്ച് സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കുന്ന സ്ഥിതി വിശേഷം മാറ്റുന്നതിനും, സമീപ പ്രദേശങ്ങളിൽ കൂടി ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ടു സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുക എന്നുള്ളതും പദ്ധതിയുടെ ലക്ഷ്യമാണ്. നിലവിൽ 10 പ്രദേശങ്ങളിൽ (മറവന്തുരുത്ത് പഞ്ചായത്ത്, അയ്മനം പഞ്ചായത്തിലെ മാഞ്ചിറ പ്രദേശം, തൃത്താല പഞ്ചായത്ത്, പട്ടിത്തറ പഞ്ചായത്ത്, പുൽപ്പള്ളി പഞ്ചായത്തിലെ ചെകാടി പ്രദേശം, |

| | | | |
|---|---|---|---|
| | | | കടലുണ്ടി പഞ്ചായത്ത്, അഞ്ചരക്കണ്ടി പഞ്ചായത്ത്, പിണറായി പഞ്ചായത്ത്, കാന്തല്ലൂർ പഞ്ചായത്ത്, വലിയ പറമ്പ പഞ്ചായത്ത്) ആണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (സി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ മുന്നേറ്റം ലക്ഷ്യമാക്കി രാജ്യത്ത് ആദ്യമായി ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ടൂറിസം ക്ലാസിഫിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഫാം 2 മലബാർ 500 എന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ? | (സി) | ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ക്ലാസ്സിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ ഉൾപ്പെടെയുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. “ഫാം ടു മലബാർ 500" എന്ന പദ്ധതി 2022 ൽ മലബാറിൽ 500 ടൂർ ഓപ്പറേറ്റേഴ്സിനെ ഇന്ത്യക്ക് അകത്തു നിന്നും പുറത്തു നിന്നും കൊണ്ടുവരുന്നതിന് ലക്ഷ്യമാക്കിയുള്ളതാണ്. ഈ ഫെമിലറൈസേഷൻ ടൂറിന്റെ ഭാഗമായി വരുന്ന ടൂർ ഓപ്പറേറ്റർമാരെ മലബാറിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ കാണിക്കുക, വിവിധ അനുഭവങ്ങൾ അവർക്ക് ഒരുക്കി കൊടുക്കുക, ഇവിടുത്തെ ഭക്ഷണവും സാംസ്കാരിക പൈതൃകവും അവരെ പരിചയപ്പെടുത്തുക, വിവിധ റിസോർട്ടുകൾ - ഹോംസ്റ്റേകൾ കാണിക്കുക, ബി ടു ബി മീറ്റിംഗുകൾ നടത്തുക തുടങ്ങിയ പരിപാടികൾ ആണ് 'ഫാം ടു മലബാർ 500' ന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്. ഇതിന്റെ ഫലമായി സ്വദേശത്തും വിദേശത്തുമുള്ള ടൂർ ഓപ്പറേറ്റർമാർക്ക് മലബാറിനെ പറ്റി കൂടുതൽ അറിയാൻ സാധിക്കുകയും ഇതിന്റെ ഫലമായി അവർ മലബാറിനെ അവരുടെ ടൂർ പാക്കേജിൽ ഉൾപ്പെടുത്തുകയും ചെയ്യും. "ഫാം ടു മലബാർ 500 " പദ്ധതിയുടെ ഭാഗമായി 2 ട്രിപ്പുകൾ ഇതിനകം തന്നെ നടന്നു കഴിഞ്ഞു. അഹമ്മദാബാദ്, മുംബൈ, ഡൽഹി, പൂനെ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള ടൂർ ഓപ്പറേറ്റർമാർ ആണ് ആദ്യ രണ്ട് ബാച്ചുകളിൽ എത്തിയിരുന്നത്. തുടർന്ന് മൂന്നാമത്തെ ബാച്ച് 2022 മാർച്ച് പത്തിന് കണ്ണൂരിൽ എത്തുന്നുണ്ട്. കണ്ണൂർ, ബേക്കൽ, വയനാട് തുടങ്ങിയ സ്ഥലങ്ങളാണ് സന്ദർശിക്കുക. തുടർന്നുവരുന്ന ഫാം ടൂറുകളിൽ മലബാറിലെ മറ്റു ജില്ലകളായ കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നിവയെല്ലാം പ്രാധാന്യം നൽകുന്നതാണ്. മലബാറിനെ മൊത്തത്തിൽ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുക എന്നതാണ് "ഫാം ടു മലബാർ 500" ന്റെ ലക്ഷ്യം. വിവിധ ഏജൻസികൾ ഈ പദ്ധതിയിൽ ടൂറിസം വകുപ്പുമായി സഹകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ